കേരള സർക്കാർ

സംഗ്രഹം

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി.കെ.സരളയുടെ സ്ഥിരപ്പെടുത്തൽ_ പ്രാബല്യതീയതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ)നം. 2755/2015/തസ്വഭവ** **തീയതി,തിരുവനന്തപുരം,10/09/2015**

---

പരാമർശം.: 1) 25/11/2005 ലെ സഉ(പി)നം. 501/05/ഫിൻ.ധന നമ്പർ ഉത്തരവ്.

2) WP(C) 3661/2012 -ാം നമ്പർ കേസ്സിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 16/07/2014 ലെ ഉത്തരവ്.

3) 12/06/2015 ലെ സഉ(സാധാ)നം. 1769/2015/തസ്വഭവ

4) ശ്രീമതി.കെ.സരള ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത CC(Civil) നം. 1130/2015(s) ൽ 02/09/2015 ൽപുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമ പഞ്ചായത്തിൽ 25/10/1993 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.കെ.സരളയെ പരാമർശം 2 ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 4250-6700 ശമ്പള സ്കെയിലിൽ 9/07/2012 മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2, 4 പ്രകാരമുള്ള കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.കെ.സരളയെ സ്ഥിരപ്പെടുത്തിയ പ്രാബല്യ തീയതി '9/07/2012 മുതൽ' എന്നതിനു പകരം '18/06/2001 മുതൽ' എന്ന് പരിഷ്കരിച്ച് പരാമർശം 3- ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 3 ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
സെക്രട്ടറി, ആനാട് ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല
ശ്രീമതി കെ.സരള,പാർട്ട് ടൈം സ്വീപ്പർ,ആനാട് ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല
(സെക്രട്ടറി, ആനാട് ഗ്രാമ പഞ്ചായത്ത് മുഖേന)
ധനകാര്യ വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ